بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ﴿۱﴾

# ജുമുഅഃ ഖുത്ബ സംഗ്രഹം 01.12.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ): മഹത്തായ മാതൃക

اَشْھَدُ اَنْ لَّآ اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ ○ بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ ○

اَلْحَمْدُ لِلّٰہِ رَبِّ الْعٰلَمِیْنَ ○ اَلرَّحْمٰنِ الرَّحِیْمِ ○ مٰلِکِ یَوْمِ الدِّیْنِ ○ اِیَّاکَ

نَعْبُدُ وَاِیَّاکَ نَسْتَعِیْنُ ○ اِھْدِنَا الصِّرَاطَ الْمُسْتَقِیْمَ ○ صِرَاطَ الَّذِیْنَ اَنْعَمْتَ

عَلَیْھِمْ غَیْرِ الْمَغْضُوْبِ عَلَیْھِمْ وَلَا الضَّآلِّیْنَ ○

ഞാൻ നബി തിരുമേനി(സ)യുടെ യുദ്ധങ്ങളെ സംബന്ധിച്ച് ചില കാര്യങ്ങൾ പറയുന്നതാണ്. തിരുനബി(സ)ന്റെ വ്യക്തിത്വവും നബി(സ)ന്റെ മാതൃകയും ഇത്തരം ഘട്ടങ്ങളിൽ എങ്ങനെയുള്ളതായിരുന്നു എന്ന് നമുക്ക് വ്യക്തമാകുന്നതാണ്. ബദ്ർ യുദ്ധവുമായി ബന്ധപ്പെട്ട് തിരുനബി(സ) ബന്ദികൾക്ക് എങ്ങനെയാണ് സൗകര്യങ്ങൾ ചെയ്തുകൊടുത്തത് എന്ന് നമ്മൾ കണ്ടുകഴിഞ്ഞതാണ്. ബന്ദികൾ തന്നെ പറയുന്നത്, തിരുനബി(സ) നിർദേശം നൽകിയതനുസരിച്ച് സ്വഹാബാക്കൾ തങ്ങളേക്കാൾ ഉത്തമമായ ഭക്ഷണം ബന്ദികൾക്ക് നൽകിയിരുന്നു. കൂടാതെ ബന്ദികളുടെ മോചന സംബന്ധമായും വളരെ ലളിതമായ നിബന്ധനകളാണ് വെച്ചിരുന്നത്. ചില ആളുകളോട് മോചനദ്രവ്യമായി മുസ്‌ലിംകൾക്ക് എഴുത്തും വായനയും പഠിപ്പിച്ചാൽ മതി എന്നും പറഞ്ഞിരുന്നു.

ഇതിനെല്ലാം കാരണം തിരുനബി(സ)ന് ആരോടും വ്യക്തിവൈരാഗ്യം ഉണ്ടായിരുന്നില്ല എന്നതാണ്. മറിച്ച് അല്ലാഹുവിന്റെ ദീനിനെ ഉന്മൂലനം ചെയ്യാൻ ശ്രമിക്കുന്നവർക്ക് എതിരിലാണ് യുദ്ധം ചെയ്തിരുന്നത്. ചിലയാളുകൾ ശത്രുപക്ഷത്ത് ചില നിർബന്ധിതാവസ്ഥ കാരണം ഭാഗഭാക്കായിട്ടുണ്ടായിരുന്നു. അവർ മുസ്‌ലിംകൾക്കെതിരിൽ യുദ്ധം ചെയ്യാൻ ആഗ്രഗിച്ചിരുന്നില്ല. അത്തരക്കാർക്ക് നബി(സ) ഒരുപാട് സാവകാശങ്ങൾ നൽകിയിരുന്നു. പിന്നീട് അവരിൽനിന്ന് നിരവധി പേര് മുസ്‌ലിമാകുകയും ചെയ്തു. നബി(സ) യുദ്ധനിയമങ്ങൾ നിശ്ചയിക്കുകയും കരാറുകൾ പാലിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ ഏറ്റവും പരമമായ രീതിയിൽ അതിനെ കർമ്മപഥത്തിൽ കൊണ്ടുവരികയുമുണ്ടായി. വർത്തമാന കാലത്ത് നിരവധി നിയമങ്ങളും ചട്ടങ്ങളും ഉണ്ടാക്കുന്നുണ്ട് എങ്കിലും അതനുസരിച്ച് അവർ പ്രവർത്തിക്കുന്നില്ല. മാത്രമല്ല ദ്വിമുഖ മാനദണ്ഡങ്ങളാണ് അവർ വെക്കുന്നത്.

തിരുനബി(സ)യുടെ ജീവിതം ഖുർആനിക കല്പനകളുടെ കർമ്മപരമായ വ്യാഖ്യാനമായിരുന്നു. അതിൽ നീതിയും ന്യായവും സമാധാനവുമായിരുന്നു അടിസ്ഥാന തത്വങ്ങളായി വിവരിക്കപ്പെട്ടിരുന്നത്. അത് സംബന്ധമായി അല്ലാഹു ഒരിടത്ത് പറയുന്നു:

یٰۤاَیُّہَا الَّذِیۡنَ اٰمَنُوۡا کُوۡنُوۡا قَوّٰمِیۡنَ لِلّٰہِ شُہَدَآءَ بِالۡقِسۡطِ ۫

وَ لَا یَجۡرِمَنَّکُمۡ شَنَاٰنُ قَوۡمٍ عَلٰۤی اَلَّا تَعۡدِلُوۡا ؕ اِعۡدِلُوۡا ۟

ہُوَ اَقۡرَبُ لِلتَّقۡوٰی ۫ وَ اتَّقُوا اللّٰہَ ؕ اِنَّ اللّٰہَ خَبِیۡرٌۢ بِمَا تَعۡمَلُوۡنَ ﴿۹﴾

വിശ്വസിച്ചവരേ! അല്ലാഹുവിനുവേണ്ടി ശക്തമായി മേൽനോട്ടം വഹിച്ചുകൊണ്ട് നീതിയെ പിന്തുണക്കുന്നതിൽ സാക്ഷികളാകുവിൻ. ഏതെങ്കിലും ജനതയുടെ ശത്രുത അവരോടു നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നീതി പാലിക്കുക. ഇതു ഭയഭക്തിയുമായി ഏറ്റവും അടുത്തതാകുന്നു. അല്ലാഹുവിനെ ഭയപ്പെടുവിൻ. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സദാ അറിയുന്നവനാകുന്നു.

ഇന്ന് ഉഹദ് യുദ്ധ സംബന്ധമായി ഞാൻ വിവരിക്കുന്നതാണ്. ചരിത്ര സംഭവങ്ങൾ വ്യക്തമാക്കുന്നത് ഈ യുദ്ധം ശത്രുക്കൾ തങ്ങളുടെ ശത്രുതയുടെ തീക്ഷ്ണതയിൽ ആരംഭിച്ചതായിരുന്നു. അങ്ങനെ മുസ്‌ലിംകൾക്കും നിർബന്ധിതാവസ്ഥയിൽ യുദ്ധത്തിന്‌വേണ്ടി പുറപ്പെടേണ്ടി വന്നു. ഈ യുദ്ധം ബദ്ർ യുദ്ധത്തിന് ഒരു വർഷത്തിന് ശേഷം ഹിജ്റ മൂന്നാം വർഷം ശവ്വാൽ മാസത്തിൽ ശനിയാഴ്ചയാണ് നടന്നത്.

ചരിത്രകാരന്മാരും ജീവചരിത്രകാരന്മാരും ഉഹ്ദ് യുദ്ധം ഹിജ്റ മൂന്നാം വർഷം ശവ്വാൽ മാസത്തിലായിരുന്നു എന്ന കാര്യത്തിൽ ഏകാഭിപ്രായക്കാരാണ്. എന്നാൽ ഒരു നിവേദനത്തിൽ ഈ യുദ്ധം ഹിജ്റ നാലാം വർഷം ആയിരുന്നു നടന്നത് എന്നും പറയുന്നുണ്ട്. ശവ്വാൽ മാസത്തിലെ തിയതിയെ കുറിച്ച് ശവ്വാൽ ഏഴ്, പതിനഞ്ച് തീയതികളിൽ ആണെന്നുള്ള പരാമർശമാണ് കൂടുതലും കാണുന്നത്.

തിരുനബി(സ) മദീനയിൽനിന്ന് വെള്ളിയാഴ്ച അസ്ർ നമസ്കാരത്തിന്ശേഷം പുറപ്പെട്ടു ശനിയാഴ്ച സൂര്യൻ ഉയരുന്നതിന് മുമ്പേ ഉഹ്ദിന്റെ മൈതാനത്തിലെത്തി.

സീറത്ത് ഖാതമുന്നബിയ്യീനിൽ ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ് ഉഹദ് യുദ്ധത്തിന്റെ തിയതി ഹിജ്റ മൂന്നാം വർഷം ശവ്വാൽ മാസം പതിനഞ്ച് അതായത് ക്രിസ്താബ്ദം 624 മാർച്ച് 31 ശനിയാഴ്ചയാണെന്ന് എഴുതിയിരിക്കുന്നു.

ഈ യുദ്ധത്തിന് കാരണമായത്, ബദ്ർ യുദ്ധത്തിൽ ഖുറൈശികൾക്ക് ഗുണദായകമായ പരാജയം സംഭവിച്ചപ്പോൾ അവരുടെ മൂപ്പൻമാരായ അബ്ദുല്ലാഹ് ബിൻ അബീ റബീഅഃ, ഇക്രിമഃ ബിൻ അബൂജഹൽ, സഫ്വാൻ ബിൻ ഉമയ്യഃ തുടങ്ങിയവരും ഖുറൈശികളിലെ മറ്റു ചില നേതാക്കൻമാരും അബൂസുഫിയാന്റെ അടുക്കൽ വരികയുണ്ടായി. ബദ്ർ യുദ്ധ കാരണമായ കച്ചവടസംഘത്തിൽ അവരുടെ കുറച്ച് സമ്പത്ത് ഉണ്ടായിരിന്നു. ഈ കച്ചവട സമ്പത്ത് മക്കയിൽ കൊണ്ട്വന്ന് ദാറുന്നദ്വയിൽ വെക്കുകയുണ്ടായി. അവർ അബൂസുഫിയാന്റെ അടുക്കൽ എത്തി പറഞ്ഞു: മുഹമ്മദ് നമ്മുടെ നിരവധി ആളുകളെ വധിച്ചിരിക്കുന്നു. ആയതിനാൽ ഈ കച്ചവട സമ്പത്ത്കൊണ്ട് മുഹമ്മദുമായി(സ) യുദ്ധം ചെയ്യാൻ തയ്യാറെടുപ്പ് നടത്തുക. ഒരുപക്ഷെ നമ്മൾ നമ്മുടെ വധിക്കപ്പെട്ട ആളുകൾക്ക്വേണ്ടി പകരം ചോദിക്കുന്നതിൽ വിജയിച്ചേക്കാം. തുടർന്ന് അവർ പറഞ്ഞു: ഞങ്ങൾ സന്തോഷപൂർവ്വം ഈ കച്ചവടസംഘത്തിന്റെ ലാഭം കൊണ്ട് മുഹമ്മദുമായി യുദ്ധത്തിന് ഒരു സൈന്യത്തെ തയ്യാറാക്കുന്നതിന് സന്നദ്ധരാണ്.

അതിനുശേഷം ഖുറൈശികൾ സമ്പത്തിൽ നിന്ന് ലഭിച്ച 25000 ദീനാർ ലാഭം മുഴുവനും ഈ യുദ്ധത്തിന്വേണ്ടി നൽകുകയുണ്ടായി. ബാക്കി മൂലധനം അതിന്റെ ഉടമസ്ഥർക്ക് നൽകുകയും ചെയ്തു.

ഈ ഒരു പ്രധാന കാരണം കൂടാതെ, മറ്റു ചില സംഗതികളും ഈ യുദ്ധത്തിന് കാരണമായി ഗണിക്കപ്പെടുന്നുണ്ട്. ബദ്ർ യുദ്ധത്തിനുശേഷം മക്കക്കാർക്ക് ശാമിലേക്ക് പോകുന്നത് ദുഷ്കരമായിരുന്നു. കാരണം മക്കയിൽനിന്ന് ശാമിലേക്ക് കച്ചവടത്തിന് പോകുന്നതിനുള്ള വഴി മദീനയുടെ ഗ്രാമപ്രദേശങ്ങളിലൂടെയാണ് കടന്നുപോയിരുന്നത്. അതിനെ മുസ്ലിങ്ങൾ അടക്കുകയുണ്ടായി. കാഫിരീങ്ങൾ നേരത്തെ ചെയ്തു വന്നിരുന്ന ദ്രോഹങ്ങൾ കാരണം അതിലൂടെ സംഘങ്ങളായി പോകുന്നത് പ്രയാസകരമായ തീർന്നിട്ടുണ്ടായിരുന്നു. (കച്ചവട വഴിയിലുള്ള തടസ്സം,) യുദ്ധങ്ങളിൽ ഉണ്ടായ പരാജയം, ബദ്റിൽ ഖുറൈശി മൂപ്പന്മാരുടെ വധം, 70 മുശ്രിക്കീങ്ങൾ ബന്ദനസ്തരാവുക തുടങ്ങിയ കാര്യങ്ങൾ അവരുടെ പ്രസിദ്ധിക്കും ജീവിത അവസ്ഥയിലും വളരെ ദോഷകരമായ പാടുകളാണ് വീഴ്ത്തിയത്. അത് കഴുകി കളയാൻ വേണ്ടി പ്രതികാരം ചെയ്യാൻ അവർ ആഗ്രഹിച്ചിട്ടുണ്ടായിരുന്നു. ഒരു ഗ്രന്ഥകാരൻ, ഉഹദ് യുദ്ധ കാരണങ്ങൾ വിവരിച്ചുകൊണ്ട് പറയുന്നു: ഖുറൈശികൾക്ക് ചില പദ്ധതികളിൽ പരാജയമുണ്ടായി. അതു കാരണം അവരിൽ സങ്കടവും പ്രതികാരവാഞ്ജയും വർധിച്ചുകൊണ്ടിരുന്നു.

ചുരുക്കത്തിൽ വേറെയും ഒരുപാട് കാരണങ്ങൾ കൊണ്ട് ഖുറൈശികൾ യുദ്ധതയ്യാറെടുപ്പുകൾ നടത്തിക്കൊണ്ടിരുന്നു. അതോടൊപ്പം തന്നെ അവർ തൊട്ടടുത്തുണ്ടായിരുന്ന വ്യത്യസ്ത ഗോത്രങ്ങളെ ഈ യുദ്ധത്തിൽ പങ്കെടുപ്പിക്കാൻ പ്രേരിപ്പിച്ചും ചിലരെ (മതപരവും പ്രാദേശികവുമായ) ആവേശവും മറ്റും ഉദ്ദീപിപ്പിച്ചും ഉപഹാരങ്ങളിൽ അത്യാഗ്രഹം പ്രകടിപ്പിച്ചും കൂടെ കൂട്ടി.

ഖുറൈശികളുടെ ഈ യുദ്ധ തയ്യാറെടുപ്പുകളെ കുറിച്ച് ഹദ്റത്ത് അബ്ബാസ് കത്ത് കൊടുത്തയച്ചാണ് തിരുനബി(സ)ന് അറിയിപ്പ് നൽകിയത്. മറുഭാഗത്ത് മദീനയിലെ യഹൂദികളും മുനാഫിഖീങ്ങളും തിരുനബി(സ)ന് നല്ലൊരു വാർത്തയും കിട്ടിയിട്ടില്ല എന്ന് പ്രചരിപ്പിക്കാൻ തുടങ്ങി. അവർ ഈ വാർത്തയെ പൊടിപ്പും തൊങ്ങലും വെച്ച് നല്ല പോലെ പരത്തുകയുണ്ടായി. ഇസ്ലാമിൽ വിശ്വസിക്കുന്നവരെ ഭയപ്പെടുത്താൻ നല്ല പോലെ ശ്രദ്ധിച്ച് കൊണ്ടിരുന്നു. അങ്ങനെ ഈ വാർത്ത മദീനയുടെ ചുറ്റുവട്ടത്തും പരന്നു തുടങ്ങി. ഓരോരുത്തരും ജാഗരൂകരായി. മക്കയിലെ മുശ്രിക്കീങ്ങൾ വീണ്ടും യുദ്ധത്തിന് തയ്യാറാകുന്നു എന്ന സംസാരമായിരുന്നു മദീനയിൽ നാലുഭാഗത്തും.

ഖുറൈശികളുടെ സൈന്യം ശവ്വാൽ മാസം അഞ്ചാം തിയതി മക്കയിൽനിന്ന് പുറപ്പെട്ടു. ഇത് 3000 പേരടങ്ങുന്ന ഒരു സൈന്യമാകുന്നു. അതിൽ 700 പടച്ചട്ട അണിഞ്ഞവരും 200 കുതിരകളും 3000 ഒട്ടകങ്ങളുമുണ്ടായിരുന്നു.

സൈന്യത്തോടൊപ്പം ഉണ്ടായിരുന്ന 15 സ്ത്രീകളിൽ അബൂസുഫ്യാന്റെയും ഇക്രിമഃ ബിൻ അബൂജഹലിന്റേയും സഫ്‌വാൻ ബിൻ ഉമയ്യഃയുടേയും ഖാലിദ് ബിൻ വലീദിന്റേയും ഉമറുബ്നു ആസിന്റേയും ഭാര്യമാർ ഉണ്ടായിരുന്നു.

ഹദ്‌റത്ത് അബ്ബാസ്, നബി(സ)ന് ഖുറൈശി സൈന്യത്തെ കുറിച്ച് അറിയിപ്പു നൽകിയിരുന്നു. അംർ ബിൻ സാലിം ആണ് മക്കാമുശ്‌രിക്കീങ്ങളുടെ നീക്കത്തെ കുറിച്ചുള്ള വിവരം നബി(സ)ന്റെ അടുത്ത് എത്തിച്ചത്. ഇക്കാര്യം അറിഞ്ഞപ്പോൾ അബൂസുഫിയാൻ സ്തബ്ധനായി പോയി. സ്വഫ്‌വാനുബ്നു ഉമയ്യഃ പറഞ്ഞു: എണ്ണത്തിലും ആയുധബലത്തിലും നമ്മൾ മുന്നിലാണ്. ശാരീരികമായും സാമ്പത്തികമായും അവർക്ക് നഷ്ടം വരുത്താൻ നമുക്ക് സാധിക്കുന്നതാണ്; എന്നാൽ (നമുക്ക് നഷ്ടം വരുത്താൻ) അവർക്ക് സാധിക്കുന്നതല്ല.

ഹിന്ദ് ബിൻത് ഉത്ബഃ, അബൂ സുഫിയാനോട് പറഞ്ഞു: നിങ്ങൾ മുഹമ്മദ്(സ)ന്റെ മാതാവിന്റെ ഖബർ മാന്തിപ്പൊളിക്കണം. (അവർ നിങ്ങളെ ബന്ദി ആക്കിയാൽ) നിങ്ങൾ ഓരോരുത്തരുടെയും മോചനദ്രവ്യം എന്ന നിലക്ക് അദ്ദേഹത്തിന്റെ മാതാവിന്റെ ഓരോരോ അവയങ്ങൾ നൽകണം. ഖുറൈശികൾ അതിൽ അഭിപ്രായ ഭിന്നത പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: (അങ്ങനെ ചെയ്താൽ തിരിച്ച്) നമ്മുടെ പുരുഷന്മാരുടെ ഖബറുകൾ അവർ തോണ്ടുന്നതാണ്. ഈ യുദ്ധത്തിലെ സ്ത്രീകൾ അവരെ നല്ലപോലെ (പുരുഷന്മാരെ) ആവേശഭരിതരാക്കിയിരുന്നു. കാഫിരീങ്ങളുടെ ഈ സംഘം ഇങ്ങനെ മുന്നോട്ട് ഗമിക്കുകയായിരുന്നു. മറുഭാഗത്ത് മുസ്‌ലിംകളും തങ്ങളുടെ നിലക്ക് തയ്യാറെടുപ്പുകൾ നടത്തിക്കൊണ്ടിരുന്നു.

സീറത്ത് ഖാത്തമുന്നബിയ്യീനിൽ പറയുന്നു: തിരുനബി(സ) ഖുറൈശികളുടെ ആക്രമണത്തെ കുറിച്ച് അന്വേഷിക്കാനായി രണ്ടു സ്വഹാബികളെ അയച്ചിരുന്നു. തിരുനബി(സ) മുസ്‌ലിംകളുടെ അംഗബലവും ശക്തിയും മനസ്സിലാക്കുന്നതിനുവേണ്ടി മദീനയിലുള്ള എല്ലാ മുസ്‌ലിങ്ങളുടെയും കാനേഷുമാരിക്ക് നിർദേശം നൽകുകയുണ്ടായി. അങ്ങനെ കാനേഷുമാരി നടത്തിയപ്പോൾ അതുവരെയും 1500 മുസ്‌ലിംകൾ ഉണ്ടെന്ന് മനസ്സിലായി. അന്നത്തെ അവസ്ഥയിൽ ഇത് ഒരു വലിയ എണ്ണമായിട്ടാണ് കണക്കാക്കിയത്. അതുകൊണ്ട് തന്നെ ചില സ്വഹാബാക്കൾ സന്തോഷാധിക്യം നിമിത്തം ഇനി ആരെയും പേടിക്കേണ്ട കാര്യമില്ലെന്നും പറഞ്ഞിരുന്നു.

ഉഹദ് യുദ്ധത്തിന്റെ തയ്യാറെടുപ്പിനു നബി(സ) കൂടിയാലോചന നടത്തുകയുണ്ടായി. ആ സന്ദർഭത്തിൽ തിരുനബി(സ) പറഞ്ഞു: രാത്രി ഞാൻ ഒരു സ്വപ്നം കണ്ടിരുന്നു. ഒരു പശു അറുക്കപ്പെടുന്നു. എന്റെ വാൾ ദുൽഫുഖാറിന്റെ മൂർച്ചയുള്ള ഭാഗത്ത് പല്ല് കിടക്കുന്നതായി ഞാൻ കണ്ടു. (മറ്റൊരു നിവേദനത്തിൽ വാളിന്റെ പിടി പൊട്ടിയതായും ദുൽഫുഖാറിന്റെ പിടിയിൽ വിള്ളൽ വന്നത് ആയും വന്നിട്ടുണ്ട്.) തുടർന്ന് ഞാൻ വളരെ ഉറച്ച ഒരു പടച്ചട്ടയിൽ കയ്യിടുന്നതായി കാണുകയുണ്ടായി. വേറെ ഒരു നിവേദനത്തിൽ ഞാൻ ശക്തമായ പടച്ചട്ട അണിഞ്ഞു എന്നും ഒരു ചെമ്മരിയാടിന്റെ പുറത്ത് യാത്ര ചെയ്യുന്നതായും പറയുന്നുണ്ട്.) ഇതിന്റെ വ്യാഖ്യാനത്തിൽ തിരുനബി(സ) പറഞ്ഞു: പശു കൊണ്ട് ഉദ്ദേശിക്കുന്നത് എന്റെ ചില സ്വഹാബാക്കൾ ശഹീദ് ആകും എന്നാണ്. എന്റെ വാളിന്റെ പിടിത്തത്തിൽ വിള്ളൽ വീണത്കൊണ്ട് ഉദ്ദേശിക്കുന്നത് എന്റെ വീട്ടിലെയോ കുടുംബത്തിലെയോ ഏതെങ്കിലും വ്യക്തി കൊല്ലപ്പെടും എന്നാണ്. ഉറപ്പുള്ള പടച്ചട്ട കൊണ്ടുള്ള വിവക്ഷ മദീന കവചമാണ് എന്നാകുന്നു. ചെമ്മരിയാട് കൊണ്ട് ഉദ്ദേശിക്കുന്നത് ഞാൻ ശത്രുക്കളുടെ സഹായികളെ വധിക്കും എന്നാണ്.

ഏതായിരുന്നാലും തിരുനബി(സ) യുദ്ധസംബന്ധമായി കൂടിയാലോചന നടത്തി പറഞ്ഞു: നിങ്ങൾ അഭിപ്രായപ്പെടുകയാണെങ്കിൽ മദീനയിൽ തന്നെ തങ്ങാവുന്നതാണ്. സ്ത്രീകളെയും കുട്ടികളെയും നമുക്ക് കൊട്ടകളിലേക്ക് എത്തിക്കാം. മദീന ഒരു കോട്ട പോലെ ആയിരുന്നു. തിരുനബി(സ) പറഞ്ഞ അഭിപ്രായം തന്നെയായിരുന്നു മുഹാജിരീങ്ങളും അൻസാരികളുമായ വലിയ സ്വഹാബാക്കൾക്കും ഉണ്ടായിരുന്നത്. എന്നാൽ ഭൂരിഭാഗം സ്വഹാബാക്കളും പ്രത്യേകിച്ചും അവരിൽ ഉണ്ടായിരുന്ന ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാത്ത യുവാക്കൾ തങ്ങളുടെ ശഹാദത്ത്കൊണ്ട് ദീനീ സേവനം ചെയ്യാനുള്ള അവസരം കിട്ടുന്നതിന്‌വേണ്ടി പ്രത്യേക ആവേശത്തിലായിരുന്നു.

അവർ ആഗ്രഹിച്ചിരുന്നത്, മദീനക്ക് പുറത്ത് ശത്രുക്കളുടെ അടുക്കലേക്ക് പോകാനാണ്. കാരണം നമ്മൾ ഭീരുക്കൾ ആണെന്ന് അവർ കരുതാൻ ഇടവരരുത്. അവർ സമർപ്പിച്ച അഭിപ്രായവും ആവേശവും കണ്ടുകൊണ്ട് നബി(സ) അവരുടെ അഭിപ്രായം സ്വീകരിക്കുകയും കാഫിരീങ്ങളുമായി തുറന്ന മൈതാനത്ത് വെച്ച് യുദ്ധം ചെയ്യുന്നതാണെന്ന് തീരുമാനിക്കുകയും ചെയ്തു. തുടർന്ന് ജുമുഅഃ നമസ്കാരത്തിന് ശേഷം റസൂൽ കരീം(സ) അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുന്നതിനെ കുറിച്ച് പൊതുവായി ആഹ്വാനം ചെയ്തുകൊണ്ട് ഈ യുദ്ധത്തിൽ പങ്കാളികളായി പുണ്യം കരസ്ഥമാക്കാൻ ആവശ്യപ്പെടുകയുണ്ടായി.

ഇതിന്റെ ബാക്കി വിശദീകരണങ്ങൾ ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഫലസ്തീനികൾക്ക് വേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുക. യുദ്ധ വിരാമം തീർന്നതിനു ശേഷം വീണ്ടും അവർക്ക്മേൽ യാതൊരു മടിയും കൂടാതെ അവർ ബോംബ് വർഷിക്കുന്നതാണ്. വീണ്ടും നിരപരാധികൾ ശഹീദ് ആക്കപ്പെടും. എത്ര വലിയ ആക്രമണം ആയിരിക്കുമെന്ന് അല്ലാഹുവിനു മാത്രമേ അറിയൂ. ഇവരുടെ ഭാവിയെ കുറിച്ച് വൻശക്തികളുടെ ഉദ്ദേശങ്ങൾ വളരെ ഭയാനകമാണ്. അതുകൊണ്ട് അവർക്ക് വേണ്ടി ഒരുപാട് ദുആകൾ ചെയ്യേണ്ടിയിരിക്കുന്നു. അല്ലാഹു കരുണ ചെയ്യുമാറാകട്ടെ.

---

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ ۔ وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ ۔

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 01.12.2023
Malayalam Translation: **Moulavi H. Shamsuddin Kavassery** For Malayalam Desk, Qadian.
Typing : Moulavi P.M. Waseem Ahmad Chelakkara, Layout: T.Jamshad Mukkam

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516